# കാർഷിക കാലാവസ്ഥബുള്ളറ്റിൻ - ആലപ്പുഴ ജില്ല

ഫോൺ:0481-2524421 - ഇമെയിൽ: amfukumarakom@gmail.com

**നമ്പർ: Ala-AAS 58/2025 പുണർതം** *ഞാറ്റുവേല* **തീയതി: 22.07.2025 കർക്കിടകം 6**

(ഭാരതീയ അന്തരീക്ഷശാസ്ത്രവിഭാഗം, ന്യൂഡൽഹിയുടെ ജില്ലാ തല കാലാവസ്ഥ പ്രവചനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയത്).

(കാർഷിക കാലാവസ്ഥ ഫീൽഡ് യൂണിറ്റ്, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം, ഭാരതീയ അന്തരീക്ഷ ശാസ്ത്രവിഭാഗംഎന്നിവ സംയുക്തമായി നൽകുന്നത്)

| കഴിഞ്ഞവാരം -സംക്ഷിപ്തകാലാവസ്ഥ (18/07/25- 22/07/25) | കാലാവസ്ഥ പ്രവചനം (23/07/25-27/07/25) |
|---|---|
| കഴിഞ്ഞ വാരത്തിലെ ഉയർന്ന താപനില 34 ഡിഗ്രി സെല്ഷ്യസും കുറഞ്ഞ താപനില 22 ഡിഗ്രി സെൽഷ്യസ് വരെയും ആയിരുന്നു. അന്തരീക്ഷത്തിലെ ആപേക്ഷിക ആർദ്രത 71.1 -നും 91.9 നും ഇടയിലും പടിഞ്ഞാറൻ കാറ്റിന്റെ വേഗത മണിക്കൂറിൽ 5 കിലോമീറ്റർ വരെയുമായിരുന്നു. ആലപ്പുഴ ജില്ലയിൽ ഈ കാലയളവിൽ 96.6 മില്ലി മീറ്റർ മഴ ലഭിച്ചു. | ആലപ്പുഴ ജില്ലയിൽ അടുത്ത അഞ്ചു ദിവസം നേരിയതോ സാമാന്യം ശക്തമായ മഴയോ ഉണ്ടാകാൻ സാധയതയുണ്ട് പരമാവധി താപനില 31$^{0}$C ഉം കുറഞ്ഞ താപനില 23$^{0}$C ഉം ആയിരിക്കും. അന്തരീക്ഷ ആർദ്രത 86% നും 90% നും ഇടയിൽ ആയിരിക്കും. പടിഞ്ഞാറൻ കാറ്റിന്റെ വേഗത 5 കിലോമീറ്റർ വരെ ആകാൻ സാധ്യതയുണ്ട്. ആകാശം മേഘാവൃതമായിരിക്കും. |

**കാർഷികകാലാവസ്ഥമുന്നറിയിപ്പുകൾ:** നിലവിലുള്ള അന്തരീക്ഷസ്ഥിതിയിൽ കൃഷിക്കാർ ചുവടെ പറയുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ പാലിക്കാൻ താത്പര്യപ്പെടുന്നു.

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | | വരുന്ന ദിവസങ്ങളിൽ മഴ തുടരാൻ സാധ്യതയുണ്ട്.തോട്ടങ്ങളിൽ നീർവാഴ്ച്ച ഉറപ്പ് വരുത്തുക.വാഴയ്ക്ക് താങ്ങ് കാലുകൾ നൽകുക.പച്ചക്കറി കൃഷിയുടെ പന്തലുകൾ ബലപ്പെടുത്തുക.മഴ മാറി ആകാശം തെളിഞ്ഞതിന് ശേഷം മാത്രം കീടനാശിനി / കുമിൾനാശിനി തളിക്കുക. |
| നെല്ല് | വളർച്ചാ ഘട്ടം | വെള്ളക്കെട്ടുള്ള പാടങ്ങളിൽ യൂറിയ ലായനിയാക്കി ഇലകളിൽ തളിച്ച് കൊടുക്കാം. 10 ലിറ്റർ വെള്ളത്തിൽ 1/2 കിലോഗ്രാം പുതിയ യൂറിയ കൊണ്ട് തയ്യാറാക്കിയ ലായനി തളിക്കുക. |
| തെങ്ങ് | വിളവെടുപ്പ് | പാറ്റ ഗുളിക + മണൽ, വേപ്പിൻ പിണ്ണാക്ക് + മണൽ , മെറ്റാറൈസിയം, ക്ലോറാന്ദ്രനിലിപ്രോൾ എന്നിവ ഉപയോഗിച്ച് ചെമ്പൻ ചെല്ലി ആക്രമണത്തെയും കൊമ്പൻ ചെല്ലി ആക്രമണത്തെയും കുറയ്ക്കും. |
| റംബൂട്ടാൻ | വിളവെടുപ്പ് | റംബൂട്ടാൻ മരങ്ങളിൽ കായ് പിഴിച്ചിൽ നിയന്ത്രിക്കാൻ സ്യൂഡോമോണസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ നേർപ്പിച്ച തളിക്കുക |
| വാഴ | വളർച്ചാ ഘട്ടം | നീർവാർച്ച ഉറപ്പ് വരുത്തുക.താങ്ങ് കാലുകൾ നൽകുക. |
| വഴുതന | വളർച്ചാ ഘട്ടം | വഴുതനയുടെ ബാക്റ്റീരിയൽ വട്ടത്തിനുപ്രതിരോധശേഷിയുള്ളസൂര്യ, ശ്വേത, ഹരിത, സങ്കര ഇനമായ നീലിമഎന്നിവ കൃഷി ചെയ്യാൻ ശ്രദ്ധിക്കുക |
| പയർ | വളർച്ചാ ഘട്ടം | **നീർവാർച്ച ഉറപ്പ് വരുത്തുക.പന്തലുകൾ ബലപ്പെടുത്തുക** |